പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1548 13/06/2014- ൽ മറുപടിക്ക്

## കുളമ്പുരോഗ നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ വർഷം പടർന്നുപിടിച്ച കുളമ്പുരോഗത്തിൽ സംസ്ഥാനത്താകെയും , വൈക്കം താലൂക്കിലും എത്ര കാലികളാണ് മരണപ്പെട്ടതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് കഴിഞ്ഞവർഷം (1/08/2013 മുതൽ 31/03/2014 വരെ) 6171 ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്.<br>പശുക്കൾ - 2107<br>കന്നുകുട്ടികൾ - 2993,<br>കിടാരികൾ -551,<br>എരുമകൾ -103,<br>ആട്ടുകൾ -195,<br>പന്നികൾ -222<br><br>വൈക്കം താലൂക്കിൽ ആകെ 203 ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്.<br>പശുക്കൾ - 50,<br>കന്നുകുട്ടികൾ - 112<br>കിടാരികൾ -34<br>എരുമകൾ -3 ,<br>ആട്ടുകൾ -4 |
| ബി) കുളമ്പുരോഗത്തിന് ഏതുതരം (അലോപ്പതി, ആയുർവേദം, ഹോമിയോ) മരുന്നുകളാണ് കൂടുതൽ ഫലപ്രദമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) കുളമ്പുരോഗത്തിന് അലോപ്പതി മരുന്നാണ് മൃഗസംരക്ഷണവകുപ്പ് ഫലപ്രദമായി ഉപയോഗിച്ച് വരുന്നത്. |
| സി) സംസ്ഥാനത്ത് നിന്നും പൂർണ്ണമായും കുളമ്പുരോഗം നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | സി) സംസ്ഥാനത്ത് നിന്നും പൂർണ്ണമായും കുളമ്പുരോഗം നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഗോരക്ഷ പദ്ധതി നടപ്പിൽ വന്നതിന് ശേഷം കുളമ്പുരോഗബാധ ഗണ്യമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. തെക്കെ ഇന്ത്യയൊട്ടാകെ |

ബാധിക്കപ്പെട്ട കുളമ്പുരോഗ ബാധയെ തുടർന്നാണ് കേരളത്തിൽ 2013 - 14 വർഷത്തിൽ വലിയ തോതിൽ കുളമ്പുരോഗബാധയുണ്ടായത്.

ഡി) കുളമ്പുരോഗം മൂലം കന്നുകാലികൾ മരണപ്പെട്ട കർഷകർക്ക് എത്ര രൂപാ വീതമാണ് ധനസഹായമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/- രൂപ വീതവും കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ